LIBRARY ARCHIVES Kerala Legislative Assembly

മിനി ഡയറി ഫാം പദ്ധതി

154 [608] ശ്രീ. എം. മുരളി:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

" കെ. സി. ജോസഫ്:

" വർക്കല കഹാർ:

" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മിനി ഡയറി ഫാം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്രപേർക്ക് മൊത്തം എന്തു തുക വായ്പ നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മിനി ഡയറി ഫാം പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇതുവരെ 59,77,300 രൂപ വായ്പ നൽകിയിട്ടുണ്ട്. എത്ര പേർക്ക് നൽകി എന്ന വിവരം ശേഖരിച്ചു വരുന്നു.

നബാർഡ് നൽകിയ റീ ഫിനാൻസ് സംബന്ധിച്ച വിശദാംശങ്ങൾ

155 [609] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഹ്രസ്വകാല-ദീർഘകാല വായ്പാ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷം നബാർഡ് നൽകിയ റീ-ഫിനാൻസ് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ സഹകരണ മേഖലയ്ക്ക് മൂന്ന് വർഷമായി നബാർഡ് വിഭാവനം ചെയ്തിട്ടുള്ള വായ്പാ പദ്ധതികൾ ഓരോ ഇനത്തിലും അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ളതിന്റെ എത്ര ശതമാനം ലഭിച്ചുയെന്ന് വെളിപ്പെടുത്താമോ;

(സി) നബാർഡ് വിഭാവനം ചെയ്ത ഏതെല്ലാം വായ്പാ പദ്ധതികളാണ് ഇതേവരെ വിനിയോഗിക്കാൻ കഴിയാതിരിക്കുന്നതെന്ന് വിശദമാക്കാമോ?

† അനുബന്ധം V കാണുക.

ഉത്തരം

(എ) ഹ്രസ്വകാല-ദീർഘകാല വായ്പാ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷം നബാർഡ് സംസ്ഥാന സഹകരണ ബാങ്ക് വഴിയും, സംസ്ഥാന കാർഷിക വികസന ബാങ്ക് വഴിയും നൽകിയ റീ-ഫിനാൻസിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നബാർഡ് വിഭാവനം ചെയ്തിട്ടുള്ള വായ്പാ പദ്ധതികളിൽ കോൺട്രാക്ട് ഫാമിംഗിനും അഗ്രിക്ലിനിക്കിനുമുള്ള പുനർ വായ്പാ പദ്ധതികൾ സംസ്ഥാന സഹകരണ ബാങ്ക് വഴി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ കൂടി നബാർഡ് നടപ്പിലാക്കുന്ന എല്ലാ വായ്പാ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

അഴീക്കൽ തുറമുഖ വികസനം

156 [610] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരിഗണിക്കുമോ;

(സി) ഇതു സംബന്ധമായി ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

അഴീക്കൽ തുറമുഖം സ്വകാര്യ നിക്ഷേപം ഉപയോഗിച്ച് വികസിപ്പിക്കുന്നതിനുവേണ്ടി ഐ.സി.ഐ.സി.ഐ.-കിൻഫ്ര എന്ന സ്ഥാപനം ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ നിക്ഷേപകരിൽനിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് 30-7-2003-ൽ പത്രപരസ്യം നൽകിയിരുന്നു. ഷാർജ (യു.എ.ഇ.)-യിലെ യൂണിവേഴ്സൽ പെട്രോളിയം കമ്പനി അഴീക്കൽ തുറമുഖ വികസനത്തിന്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly